വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല.

(ബി, സി ആന്റ് ഡി) ബാധകമല്ല.

(ഇ) 2500 ലക്ഷം രൂപ.

വിദ്യാലയങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി

*15 [501] ശ്രീ. എൻ. രാജൻ:

,, പി. എസ്. സുപാൽ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിറ്റികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കുമോ;

(സി) ഈ കമ്മിറ്റികൾ എപ്പോൾ നിലവിൽ വരുമെന്നും ഇതിനോടനുബന്ധിച്ചുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം എന്താണെന്നും വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുക, സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ സ്കൂൾ/കോളേജ് കാംപസുകളിൽ നിരുത്തലാക്കുക, സൈബർ കുറ്റകൃത്യങ്ങൾ തടയുക, സ്കൂൾ കോളേജ് കാമ്പസുകളിൽ മയക്കു മരുന്നിന്റെ ഉപയോഗവും പ്രചാരണവും കർശനമായി തടയുക, സ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും, കോളേജുകളിലും ഫോട്ടോഗ്രാഫി സൗകര്യമുള്ള മൊബൈൽ ഫോണുകളുടെ ഉപയോഗം തടയുക, കാംപസുകളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ എത്തിക്സ് കമ്മിറ്റി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി തുടങ്ങിയവയാണ് ഇതിനായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന കമ്മിറ്റികൾ. ഈ കമ്മിറ്റികളുടെ ഘടന താഴെപ്പറയും വിധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ/കോളേജ്

ചെയർമാൻ	-	പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ അഥവാ ഹെഡ്മിസ്ട്രസ്
വൈസ് ചെയർമാൻ	-	പി. ടി. എ. പ്രസിഡന്റ്
കൺവീനർ	-	സ്റ്റാഫ് സെക്രട്ടറി/സ്റ്റാഫ് അഡ്വൈസറി സെക്രട്ടറി
ജോയിന്റ് കൺവീനർ	-	കോളേജ് യൂണിയൻ ചെയർമാൻ/സ്കൂൾ ലീഡർ
അംഗങ്ങൾ	-	1. മാനേജ്മെന്റ് പ്രതിനിധി
		2. എൻ. എസ്. എസ്. പ്രതിനിധി
		3. എൻ. സി. സി./സ്കൗട്ട് പ്രതിനിധി അഥവാ ജെ. ആർ. ഡി. കൗൺസിലർ
		4. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തിലെ ഒരു അംഗം
		5. അദ്ധ്യാപകരിൽ നിന്നോ രക്ഷാകർത്താക്കളിൽ നിന്നോ ഒരു വനിതാ അംഗം.

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി

കൺവീനർ	-	ജില്ലാ കളക്ടർ
അംഗങ്ങൾ	-	ഡിസ്ട്രിക്റ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പൊതു വിദ്യാഭ്യാസ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി

ചെയർമാൻ	-	വിദ്യാഭ്യാസ വകുപ്പ് മന്ത്രി
വൈസ് ചെയർപേഴ്സൺ	-	രണ്ടു വനിതാ നിയമസഭാംഗങ്ങൾ
കൺവീനർ	-	ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
ജോയിന്റ് കൺവീനർ	-	പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
അംഗങ്ങൾ	-	ഓരോ സർവ്വകലാശാലകളിലെയും യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ
		ഡയറക്ടർ, പൊതുവിദ്യാഭ്യാസം
		ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
		ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം

വൈസ് ചാൻസലർ, കേരള സർവ്വകലാശാല

ഒരു ഐ. യു. സി. സി. പ്രതിനിധി

ഡയറക്ടർ, പബ്ലിക് റിലേഷൻസ്.

(സി) അടുത്ത അദ്ധ്യയന വർഷം തന്നെ ഈ കമ്മിറ്റികൾ നിലവിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

*16 [502] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. കെ. ചന്ദ്രൻ :
,, ടി. കെ. ദേവകുമാർ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്ക് വേണ്ടിയുള്ള ക്ഷേമനിധി ബോർഡിന്റെയും പെൻഷൻ ബോർഡിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ പ്രവർത്തന ലക്ഷ്യം നിറവേറ്റുന്നതായി കരുതുന്നുണ്ടോ;

(സി) ജീവനക്കാരുടെ ക്ഷേമനിധി ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിരുദ്ധമായി ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ഷേമനിധി മറ്റെന്തെങ്കിലും സ്ഥാപനത്തിന്റെ ഷെയർ എടുക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഏത് സ്ഥാപനത്തിന്റെ ഷെയർ എടുക്കുന്നതിനായി വിനിയോഗിച്ചു;

(ഇ) ക്ഷേമനിധി ബോർഡിന്റെ മാനേജിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണോ ഷെയർ എടുത്തിട്ടുള്ളത്;

(എഫ്) ഇത്തരത്തിൽ തീരുമാനം എടുത്ത ബോർഡ് യോഗത്തിലെ സർക്കാർ പ്രതിനിധികൾ ആരൊക്കെയായിരുന്നു;

(ജി) പ്രസ്തുത തീരുമാനം ഗവൺമെന്റ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly